5. ഡോക്ടർമാർക്ക് അവരവരുടെ സ്പെഷ്യാലിറ്റികളിൽ കൂടുതൽ സമയം രോഗികളെ ചികിത്സിക്കാൻ ലഭിക്കുന്നു.

6. സാമ്പത്തിക/ഭരണകാര്യങ്ങളിൽ നിന്ന് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് പൂർണ്ണമായി ഒഴിഞ്ഞ് മുഴുവൻ സമയ ചികിത്സ ലഭ്യമാകുന്നു.

7. ആശുപത്രി ഭരണവിഭാഗം കൂടുതൽ കാര്യക്ഷമമാക്കി രോഗി ഡോക്ടർ ബന്ധം മെച്ചപ്പെടുത്തുവാൻ കഴിയുന്നു.

(സി) ഈ സ്ഥാപനങ്ങളിൽ മിനിമം സേവനം പ്രധാന സ്പെഷ്യാലിറ്റികളിൽ രോഗികൾക്ക് ലഭ്യമാകും. പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ആഫീസർമാർക്ക് കൂടുതൽ ശ്രദ്ധിക്കാൻ സാധിക്കും.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്കുള്ള നിയമനം**

53 (6206) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഏതെല്ലാം വിഭാഗം ജീവനക്കാരെയാണ് മാറ്റി നിയമിച്ചിട്ടുള്ളത് അതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ബി) ഇപ്രകാരം നടത്തിയ നിയമനങ്ങൾ ചട്ടവിരുദ്ധമായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആ നടപടി പുനഃപരിശോധിച്ച് നിയമപ്രകാരം അർഹരായവരെ മാത്രം ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ ;

(സി) ഒരു വിഭാഗത്തിനു മാത്രമായി മാനദണ്ഡത്തിൽ ഇളവ് നൽകിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് കോടതിവിധിയുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) കോടതിവിധി പ്രകാരം മാനദണ്ഡം നിശ്ചയിക്കുമ്പോൾ അനർഹരെന്നു കാണുന്ന ഒഫ്താൽമിക് അസിസ്റ്റന്റുമാരെ ഒഴിവാക്കുകയും അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്യുമോ ?

ഉത്തരം

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് താഴെപ്പറയുന്ന വിഭാഗം ജീവനക്കാരെ മാറ്റി നിയമിച്ചിട്ടുണ്ട്.

1. അനസ്തേഷ്യ ടെക്നീഷ്യൻ

2. ബാർബർ

3. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ

LIBRARY ARCHIVES Kerala Legislative Assembly

4. ബോയിലർ അറ്റൻഡന്റ്
5. ബോയിലർ ഫയർമാൻ
6. കെമിസ്റ്റ്
7. ക്ലെറിക്കൽ അറ്റൻഡർ
8. യു.ഡി. ക്ലാർക്ക്
9. എൽ.ഡി. ക്ലാർക്ക്
10. ക്ലാർക്ക് ടൈപ്പിസ്റ്റ്
11. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
12. കുക്ക്
13. സി.എസ്.ആർ. ടെക്നീഷ്യൻ
14. ഡെന്റൽ ഹൈജിനിസ്റ്റ്
15. ഡോബി
16. ഡൈറ്റീഷ്യൻ
17. ഡ്രൈവേഴ്സ്
18. ഇ.സി.ജി. അറ്റൻഡർ
19. ഇ.സി.ജി. ടെക്നീഷ്യൻ
20. ഇലക്ട്രീഷ്യൻ
21. ഫയർമാൻ
22. ഫോർമാൻ
23. ഹെഡ് ക്ലാർക്ക്
24. ഹെഡ് നേഴ്സ്
25. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - 1
26. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - 2
27. ഹൗസ്കീപ്പർ
28. ജൂനിയർ ലാബ് അസിസ്റ്റന്റ്
29. ജൂനിയർ സൂപ്രണ്ട്
30. ലാബ് ടെക്നീഷ്യൻ

LIBRARY ARCHIVES Kerala Legislative Assembly

31. ലേ സെക്രട്ടറി & ട്രഷറർ
32. ടൈപ്പിസ്റ്റ്
33. ലിഫ്റ്റ് ഓപ്പറേറ്റർ
34. മെക്കാനിക്ക്
35. മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ
36. നഴ്സിംഗ് അസിസ്റ്റന്റ്
37. നഴ്സിംഗ് ആഫീസർ
38. നഴ്സിംഗ് സൂപ്രണ്ട്
39. അദർ അറ്റൻഡർ
40. പെയിന്റർ
41. പാർട്ട് ടൈം സ്വീപ്പർ
42. പ്യൂൺ
43. ഫാർമസിസ്റ്റ്
44. ഫാർമസിസ്റ്റ് കം സ്റ്റോർ കീപ്പർ
45. പ്ലംബർ
46. പവർ ലോൺട്രി അറ്റൻഡർ
47. റേഡിയോഗ്രാഫർ
48. സർജന്റ്
49. സ്റ്റാഫ് നഴ്സ്
50. ടെയിലർ
51. സ്റ്റോർ സൂപ്രണ്ട്
52. ടെലഫോൺ ഓപ്പറേറ്റർ
53. തീയേറ്റർ മെക്കാനിക്ക്
54. വാച്ച്മാൻ
55. എക്സ്റേ അറ്റൻഡർ

LIBRARY ARCHIVES Kerala Legislative Assembly

56. എക്സ്റേ ടെക്നീഷ്യൻ

57. എക്സ്റേ മെക്കാനിക്ക്

(ബി) ഗവൺമെന്റ് ഉത്തരവ് മുഖേന ചട്ടപ്രകാരമാണ് നടത്തിയത്.

(സി) ഒരു വിഭാഗത്തിനു മാത്രമായി മാനദണ്ഡത്തിൽ ഇളവ് നൽകിയിട്ടില്ല.

(ഡി) കോടതി വിധി മാനിക്കുന്നതാണ്.

## ജീവനക്കാർ നേരിട്ടും ബിനാമികൾ മുഖേനയും നടത്തുന്ന സ്വകാര്യ പണമിടപാടുകൾ

54 (6207) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ പോലുള്ള സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ചില ജീവനക്കാർ നേരിട്ടും ബിനാമികൾ മുഖേനയും സ്വകാര്യ പണമിടപാടുകൾ നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ശസ്ത്രക്രിയ, സ്കാനിംഗ് പോലുള്ള ചെലവേറിയ ചികിത്സയ്ക്ക് വിധേയരാകുന്ന രോഗികളെയും ബന്ധുക്കളെയും കബളിപ്പിച്ച് വലിയ ആശുപത്രികൾ കേന്ദ്രീകരിച്ച് നടക്കുന്ന സ്വകാര്യ പണമിടപാടുകൾ അന്വേഷണ വിധേയമാക്കാനും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാനും മുൻകൈ എടുക്കുമോ ;

(സി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെയും സ്കാനിംഗ് സെന്ററുകളുടെയും ദല്ലാളന്മാരായി ഉയർന്ന നിലവാരത്തിലുള്ള ആശുപത്രികളിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ സ്ഥാപന തലത്തിൽ സ്ഥിരസംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉയർന്ന നിലവാരത്തിലുള്ള ആശുപത്രികളിലെ ടെക്നീഷ്യന്മാർ സ്വന്തം പേരിലും ബിനാമിയായും നടത്തുന്ന ലാബുകൾ, ഒപ്റ്റിക്കൽ ഷോപ്പുകൾ മെഡിക്കൽ ഷോപ്പുകൾ, ഡെന്റൽ ലാബുകൾ ഇവ കണ്ടെത്താനും നിയന്ത്രിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly